*"ഭരണഭാഷ - മാതൃഭാഷ"*

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

02/Tech/2017

നം.ഡിബി5/7634/2013/സിഇ/തസ്വഭവ

തീയതി : 02.02.2017

## സർക്കുലർ

വിഷയം:- തസ്വഭവ-എൻജിനീയറിംഗ് വിഭാഗം - വികസന പദ്ധതികൾക്ക്ആവശ്യമായ സർവ്വേ/ ഡിസൈൻ തയ്യാറാക്കുന്നതിന് ഡിപ്പാർട്ട് മെന്റിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നത്-സംബന്ധിച്ച്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, വകുപ്പ് എംജിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതി കൾക്ക് **Architectural drawing/ Structural design/Hydraulic design** മുതലായവ നിലവിൽ **outsourcing** മുഖാന്തിരമാണ് ചെയ്ത് വരുന്നത്. ഈ ആവശ്യത്തിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപന ങ്ങൾക്ക് ഭീമമായ തുക ചിലവഴിക്കേണ്ടിയും വരുന്നുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിൽ നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗിൽ തന്നെയുള്ള 220-ൽ അധികം എൻജിനീയർമാർ വിവിധ എൻജിനീയറിംഗ് വിഷയങ്ങളിൽ പോസ്റ്റ് ഗ്രോജുവേഷൻ പൂർത്തിയാക്കിയിട്ടുള്ളവരാണെന്ന് കണ്ടെ ത്തിയിട്ടുള്ളതാണ്. ആകയാൽ വിവധ പദ്ധതികൾക്കുള്ള എൻജിനീയറിംഗ് സർവ്വേ/ഡിസൈൻ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സൗത്ത് /നോർത്ത് സൂപ്രണ്ടിംഗ് എൻജിനീയ ർമാരുടെ ഓഫീസിനോടനുബന്ധിച്ച് ഡിപ്പാർട്ട്മെന്റിലെ യോഗ്യരും, അനുഭവസമ്പത്തുള്ളവരുമായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനം രൂപീകരിക്കുന്നതിനെ കുറിച്ച് സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആകയാൽ കഴിഞ്ഞ മൂന്ന് വർഷങ്ങ ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ( ബഹു. എം.എൽ.എ മാരുടെ എൽ.എ.സി-എ.ഡി.എസ്. പദ്ധതികൾ, ബഹു. എം.പി മാരുടെ LAD പദ്ധതികൾ, NABAARD പദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെ) **Architectural drawing/ Structural design/ Hydraulic design** എന്നിവ തയ്യാറാക്കുന്നതിന് പുറമേ നിന്നുള്ള ഏതെങ്കലും ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടെ ങ്കിൽ ആയത് സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള പ്രൊഫോർമയിൽ 10.02.2017-നകം **celsgd@gmail.com** എന്ന വിലാസത്തിൽ അടിയന്തിരമായി അറിയിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

ഉള്ളടക്കം – Proforma

## പ്രൊഫോർമ

1. ജില്ല. :
2. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് :
3. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/
   ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ :
4. പുറമേനിന്നുള്ള ഏജൻസി മുഖേന **Architectural drawing/ Structural design/ Hydraulic design** തയ്യാറാക്കിയിട്ടു-ണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ

   **(a)** പദ്ധതിയുടെ പേര് :

   **(b)** നടത്തിപ്പ് വർഷം :

   **(c)** അടങ്കൽ തുക :

   **(d)** ആയതിലേക്ക് ചിലവഴിച്ച തുക :

ഓഫീസ് മേലധികാരിയുടെ ഒപ്പ്
തസ്വഭവ സ്ഥാപനത്തിന്റെ പേര്.

നോട്ട്: ഒന്നിലധികം പദ്ധതിയിൽ ഒരേ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനത്തിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ഓരോന്നിന്റേയും വിവരങ്ങൾ നൽകേണ്ടതാണ്.

S1232